**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4225 — 17.05.2017-ൽ മറുപടിയ്ക്ക്

**<u>കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനിൽ കുടുംബശ്രീ അംഗങ്ങൾക്ക് ജോലി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനിൽ ജോലിക്കു വേണ്ടി കുടുംബശ്രീ അംഗങ്ങൾക്ക് ട്രെയിനിംഗ് നൽകിയിട്ടുണ്ടോ ; | (എ) | കൊച്ചി മെട്രോ റെയിൽ സംവിധാനത്തിലെ സാങ്കേതിക ഇതര കർമ്മമേഖലകളായ ഹൗസ് കീപ്പിംഗ്, ടിക്കറ്റ് വിതരണം, കസ്റ്റമർ സർവ്വീസ്, കാന്റീൻ, പാർക്കിങ്ങ് എന്നീ വിഭാഗങ്ങളിലെ ജോലികൾ ചെയ്യുവാൻ പ്രാപ്തരായ വനിതകളെ തെരഞ്ഞെടുക്കുവാനുള്ള ചുമതല ധാരണാപത്രത്തിലൂടെ കുടുംബശ്രീ മിഷനെയാണ് ഏൽപ്പിച്ചിട്ടുള്ളത്. ഇതു പ്രകാരം കുടുംബശ്രീ വനിതകളെ തെരഞ്ഞെടുക്കുകയും, അവർക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് നൽകുകയും ചെയ്തു. തുടർന്ന് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ഇവർക്ക് ടെക്നിക്കൽ സേഫ്റ്റി ട്രെയിനിംഗും നൽകി. |
| (ബി) | ഇതു പ്രകാരം ട്രെയിനിംഗ് പൂർത്തിയാക്കിയ എത്ര പേർക്ക് കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനിൽ ജോലി നൽകിയിട്ടുണ്ട് ; | (ബി) & (സി) | ട്രെയിനിംഗ് പൂർത്തിയാക്കിയ വനിതകളുടെ നിയമനം സംബന്ധിച്ച പൂർണ്ണചുമതല കുടുംബശ്രീ മിഷനാണ്. ഇതുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾ സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രശ്നപരിഹാരത്തിനായി ജില്ലാ കളക്ടർ കുടുംബശ്രീയുമായി ചർച്ച നടത്തിയിരുന്നു. സുതാര്യമായ നടപടിക്രമത്തിലൂടെ നിയമനം നടത്തേണ്ട ചുമതല കുടുംബശ്രീക്കാണ്. |
| (സി) | ട്രെയിനിംഗ് പൂർത്തിയാക്കിയ കുടുംബശ്രീ അംഗങ്ങൾക്ക് ജോലി നൽകാതെ പുറത്തു നിന്നുള്ളവർക്ക് ജോലി | | |

| | | | |
|---|---|---|---|
| | നൽകിയതുമായി ബന്ധപ്പെട്ട് കുടുംബശ്രീ അംഗങ്ങൾ സമരം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുമോ ; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ